# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5485 — 04/07/2013-ൽ മറുപടിയ്ക്ക്

## മലബാർ ഇറിഗേഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.പ്രൊഫ. സി. രവീന്ദ്രനാഥ് | മറുപടി<br>ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മലബാർ ഇറിഗേഷൻപദ്ധതി (എം.ഐ.ആർ. പി.എ) ഈ വർഷവും തുടരുമോ എന്ന് വ്യക്തമാക്കാമോ; | ഭരണാനുമതി നൽകിയ പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) പുതുക്കാട് മണ്ഡലത്തിൽ എം.ഐ.ആർ. പി.എ പദ്ധതികളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെയെല്ലാം ഡിസൈനുകൾ തയ്യാറാക്കി പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ബി) **ചീഫ് എഞ്ചിനിയർ, ജലസേചനവും ഭരണവും**<br>MIRPA യിൽ ഉൾപ്പെടുത്തി പുതുക്കാട് നിയോജക മണ്ഡലത്തിൽ തോട്ടുമുഖം, കാനത്തോട്, കാനാമറ്റപാടം, കാരുകുളം, നെല്ലായി എന്നിവിടങ്ങളിൽ 5 സ്ഥിരം റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി 20.35 കോടി രൂപയുടെ ഭരണാനുമതി 02/11/2009 ലെ ജി.ഒ. (ആർ.ടി) നം.1226/2009/WRD പ്രകാരം നൽകിയിട്ടുണ്ട്. വിശദമായ രൂപകൽപ്പന പൂർത്തിയായതിൻ പ്രകാരംപുതുക്കിയ ഭരണാനുമതി ആവശ്യമായി വരികയും തോട്ടുമുഖം റെഗുലേറ്ററിനായി 13.00 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ്, കാനത്തോട് റെഗുലേറ്ററിനായി 14.84 കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ഈ സർക്കാരിന്റെ പരിഗണനയിലാണ്. |

കാനാമറ്റപ്പാടം, കാരുകുളം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ NOC ലഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കുറുമാലി പുഴയ്ക്ക് കുറുകെ നെല്ലായിയിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് 2012 ലെ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കി വരുന്നു.

**ചീഫ് എഞ്ചിനിയർ, പര്യവേക്ഷണവും രൂപകല്പനയും**

പുതുക്കാട് മണ്ഡലത്തിൽ എം.ഐ.ആർ.പി.എ പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ അഞ്ച് പ്രവൃത്തികളുടെ (റെഗുലേറ്റർ-കം-ബ്രിഡ്ജ്) രൂപകല്പന (ഡിസൈൻ) തയ്യാറാക്കി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ